**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 563 — 05.07.2013 ൽ മറുപടിയ്ക്ക്

**സർക്കാർ വക തരിശുഭൂമികൾ വികസനോന്മുഖമാക്കുന്ന പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| എ) സർക്കാർ വക തരിശു ഭൂമികൾ വികസനോന്മുഖ മാക്കുന്നതിനുള്ള ഒരു പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ അതിനായി അത്തരം ഭൂമിയുടെ വിവര ശേഖരണം നടത്തിയിട്ടുണ്ടോ;<br><br>ബി) വിവരശേഖരണം പൂർത്തിയായിട്ടുണ്ടെങ്കിൽ ഓരോ ജില്ലയിലെയും ലഭ്യമായ ഭൂമിയുടെ അളവ് സംബന്ധിച്ച വിശദ വിവരം നൽകുമോ; | എ) & ബി) ഉണ്ട്. ആദ്യഘട്ടമെന്ന നിലയിൽ റവന്യൂ വകുപ്പിന് കീഴിലുള്ള ഭൂമിയുടെ പട്ടിക തയ്യാറാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ പുരോഗതിയ്ക്കായി ജില്ലകൾ കേന്ദ്രീകരിച്ച് അവലോകന യോഗങ്ങൾ നടന്നു വരികയാണ്. തുടർ പ്രവർത്തനമെന്ന നിലയിൽ വിവിധ വകുപ്പുകളുടെ കൈവശത്തിലിരിക്കുന്ന ഭൂമിയെ സംരക്ഷിച്ച് വിവര ശേഖരണം നടത്തി ആയതിന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഫോക്കൽ പോയിന്റ് ഓഫീസർമാരെ നിയമിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിലുള്ള വിവര ശേഖരണം പ്രാരംഭ ഘട്ടത്തിലാണ്. |
| സി) ഈ ഭൂമിയെ ഏതൊക്കെ രീതിയിൽ വികസനോന്മുഖമാക്കാനാണ് ലക്ഷ്യമിടുന്നതെന്നും അതിനായി ഏതൊക്കെ ഏജൻസികളെ സഹകരിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ? | സി) ഇത്തരം ഭൂമികളിൽ നിന്നും സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശം കൂടി ലക്ഷ്യം വച്ച് 3.3.2012 ലെ സർക്കാർ ഉത്തരവ് (കൈ) 93/12/ആർ ഡി നമ്പർ പ്രകാരം ലാന്റ് ഗവേണൻസ് സൊസൈറ്റി ഓഫ് കേരള എന്ന ഒരു സ്ഥാപനം നിലവിൽ വരുകയും പ്രസ്തുത സൊസൈറ്റിയുടെ ലക്ഷ്യങ്ങളിൽ ഒന്ന് സർക്കാർ വക തരിശ് ഭൂമികളിൽ വികസനോന്മുഖമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക എന്നതുമാണ്. |

Kajeem

സെക്ഷൻ ഓഫീസർ